**മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി സംവദി
ക്കുന്നു**



# ശിഹാബ്ക്കയോട് ചോദിക്കാം

ശിഹാബ്ക്കായുടെ കഥകളെല്ലാം എനിക്കിഷ്ടമാണ്. എവിടെ നിന്നാണ് ഇങ്ങനെ ഭാവന വരുന്നത്?

**അംന. ടി**

എന്റെ കഥകൾ അംനക്ക് ഇഷ്ടമാണെന്നറിയുന്നതിൽ വളരെ സന്തോഷം.

ഞാനെഴുതുന്ന മിക്കവാറും കഥകൾ എന്റെ ചുറ്റുപാടുകളിൽ നിന്നാണ്.

എനിക്ക് കഥയും കവിതയും എഴുതാൻ വളരെ താൽപര്യമാണ്. ഒരു കഥാകൃത്തിന് നല്ലൊരു കവിയും ആകാൻ പറ്റുമോ? ഒരു കവിക്ക് നല്ല കഥാകൃത്താവാൻ പറ്റുമോ?

**ഫാത്തിമ റന. ടി, ക്ലാസ് 5**

കഥയെഴുതുന്നവർക്ക് കവിതയുമെഴുതാം. തിരിച്ചും ആവാം.

ലോക പ്രശസ്തനായ രവീന്ദ്രനാഥ ടാഗോറിനെ അറിയില്ലേ? അദ്ദേഹം ആധുനിക ഇന്ത്യൻ ചെറുകഥയുടെ രാജശില്പികളിലൊരാളാണ്. നാടകം, സംഗീതം, ചിത്രകല, സിനിമ ഇങ്ങനെ എത്രയോ മേഖലയിൽ കൈവെച്ചിട്ടുണ്ട്. കവിതയിലാണ് അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയിട്ടുള്ളത്.

കവികൾ മഴയെപ്പറ്റി കുറേ എഴുതിയിട്ടുണ്ട്. എന്തുകൊണ്ടാണ് വേനൽക്കാലത്തെക്കുറിച്ച് എഴുതാത്തത്? വേനൽക്കാലത്തല്ലേ സ്കൂൾ അവധി. അന്നേരമാണ് ഞങ്ങൾക്കെല്ലാം സന്തോഷം .

**ശാരിബ കുൽസു. കെ, ക്ലാസ് 9,**
**അഫിയ ലുലു. കെ.ടി, ക്ലാസ് 7**

വേനലിനെക്കുറിച്ചും എഴുതേണ്ടതാണ്. എല്ലാ ഋതുക്കളിലും പ്രകൃതിയുടെ കവിതയുണ്ട്. ഓരോന്നിനും ഓരോ സാഹിത്യകാരന്മാർക്കും

▸▸ **ചുണ്ടൻവള്ളം നിർമിക്കാൻ ഉപയോഗിക്കുന്ന വൃക്ഷം – ആഞ്ഞിലി**

## അരുണാചൽ പ്രദേശ്

'പ്രഭാത കിരണങ്ങൾ ഏൽക്കുന്ന മല കളുടെ നാട്' എന്ന വിശേഷണമുള്ള സം സ്ഥാനമാണ് അരുണാചൽ പ്രദേശ്. ഇന്ത്യ യിൽ പ്രഭാത സൂര്യന്റെ കിരണങ്ങൾ ആദ്യം പതിക്കുന്ന സംസ്ഥാനമാണിത് (അരു ണാചൽ പ്രദേശിന്റെ തലസ്ഥാ നമാണ് ഇറ്റാ നഗർ).




ഓരോ ഭാവമായിരിക്കും.

കഥയോടാണോ കവിതയോടാണോ ശിഹാബ്ക്കാക്ക് കൂടുതൽ ഇഷ്ടം.

**നിദ സി.ടി, ക്ലാസ് 7**

കഥയും കവിതയും ഒരു പോലെ ഇഷ്ടമാണെനിക്ക്. കഥയിൽ കവിതയും കവിതയിൽ കഥയും കാണാം. നമ്മുടെ മഹാഭാരതവും രാമായണവുമൊക്കെ ഒരേ സമയം കാവ്യവും അതേ സമയം കഥയുമാണല്ലോ. എന്തിനേറെ പറയുന്നു, വൈലോപ്പിള്ളിയുടെ പ്രസിദ്ധ കവിതയായ മാമ്പഴവും ഇടശ്ശേരിയുടെ പൂതപ്പാട്ടും കവിതയും കഥയുമാണല്ലോ. ടി.പത്മനാഭന്റെയൊക്കെ ചില കഥകൾ കവിത പോലെയുമാണ്.

കൂട്ടുകാർ ശ്രദ്ധിക്കാൻ ഒരു കാര്യം പറയാം. കവിത കഥയെ അപേക്ഷിച്ച് കുറച്ച് കൂടി സൂക്ഷ്മമാണ്. കുറച്ച് ശ്രദ്ധയോടെ നിരീക്ഷിച്ചാൽ കവിത നന്നായി ആസ്വദിക്കാൻ പറ്റും.



### ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ **malarvadimag@gmail.com** എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ഏറ്റവും വലുപ്പം കൂടിയ ഇല– റാഫിയ റിഗാലിസ് (റാഫിയ പന)